**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3326** **01-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പുഴകളും തോടുകളും സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പുഴകളും തോടുകളും സംരക്ഷിക്കുന്നതിനും ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും റവന്യൂ വകുപ്പ് പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ? | (എ) | പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായും ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി സർവ്വേ, പോലീസ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി 15-01-2023-ലെ സ.ഉ.(സാധാ) നം.249/2023/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലും സർവ്വേ സെൽ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായും ജല സ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായും ജില്ലാ അടിസ്ഥാനത്തിൽ സർവ്വേ സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.249/2023/RD തീയതി,തിരുവനന്തപുരം, 15-01-2023

---

പരാമർശം:-

1. നിയമസഭ സെക്രട്ടറിയുടെ 19.07.2019 -ലെ 3821/സബ്.സി.സി 2/ 2019 / നി.സെ , 12.11.2020-ലെ 15381/സബ്.സി.സി2/ 2010 / നി.സെ നമ്പർ കത്തുകൾ
2. 07.06.2022, 16.11.2022 എന്നീ തീയതികളിലെ സംസ്ഥാന ഉന്നത തല സമിതിയുടെ യോഗ നടപടികുറിപ്പുകൾ
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 28.6.2022 -ലെ എൽ. ആർ .കെ 1 - 24880 / 2018 നമ്പർ കത്ത്.

**ഉത്തരവ്**

പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനും, ടി ജലസ്രോതസുകളുടെ അതിർത്തി നിർണ്ണയിച്ച്, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി പഞ്ചായത്തുകൾക്ക് റവന്യൂ വകുപ്പിന്റെ സഹായം ആവശ്യപ്പെടാവുന്നതാണ് എന്നും, പഞ്ചായത്തുമായി സഹകരിച്ചു അതിർത്തി നിർണ്ണയത്തിനായി പ്രത്യേകമായ ഒരു സർവ്വേ സെൽ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ രൂപീകരിക്കണമെന്നും, ടി സർവ്വേ സെൽ രൂപീകരിക്കുന്നതിനു ആവശ്യമുള്ള ചെലവ് ഇപ്പോൾ നിലവിലുള്ള റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും എടുക്കാവുന്നതാണ് എന്നും നിയമസഭ സബ്ജക്ട് കമ്മിറ്റി പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർവ്വേ സെൽ രൂപീകരിക്കുന്ന വിഷയം 07.06.2022-ൽ ചേർന്ന സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ പരിശോധിക്കുകയും, ടി വിഷയത്തിൻമേൽ വിശദമായ പരിശോധന നടത്തി, ഒരു രേഖ തയ്യാറാക്കി, റിപ്പോർട്ട് സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്കു നിർദ്ദേശം നൽകിയതിന്റെയും അടിസ്ഥാനത്തിൽ, ലാൻഡ് റവന്യൂ കമ്മീഷണർ റവന്യൂ , സർവ്വേ, പോലീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ അടിസ്ഥാനത്തിൽ സർവ്വേ സെൽ രൂപീകരിക്കുന്നതിനായി പരാമർശം (4) പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

ടി പ്രൊപ്പോസൽ 16.11.2022-ലെ സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ വിശദമായി പരിശോധിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി, ടി ജലസ്രോതസുകളുടെ അതിർത്തി നിർണ്ണയിച്ച്, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി റവന്യൂ , സർവ്വേ, പോലീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി എല്ലാ ജില്ലകളിലും ചുവടെ ചേർത്ത പ്രകാരം ഒരു സർവ്വേ സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

1) ചെയർമാൻ - ജില്ലാ കളക്ടർ

2) വൈസ് ചെയർമാൻ - ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

3) എക്സിക്യൂട്ടീവ് അംഗങ്ങൾ - i) ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)} -കൺവീനർ

ii) ജില്ലാ പഞ്ചായത്ത് സെക്രട്ടറി

iii) ജില്ലാ സർവ്വേ സുപ്രണ്ട്

iv) ജില്ലാ പോലീസ് മേധാവി

v) ജില്ലാ ഫയർ ഫോഴ്സ് മേധാവി

vi) ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ

vii) ജില്ലാ ജിയോളജിസ്റ്റ്

4) മറ്റ് അംഗങ്ങൾ (ജില്ലയിലെ പ്രധാനപ്പെട്ട ജലസ്രോതസ്സിനോട് ചേർന്ന് കിടക്കുന്ന പ്രദേശത്തെ, താഴെപ്പറയുന്ന തസ്തികകളിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും 2 പേർ )

i) താലൂക്ക് തഹസിൽദാർ

ii) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

iii) സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്

**<u>സർവ്വേ സെല്ലിന്റെ കർത്തവ്യങ്ങൾ</u>**

ഓരോ മാസവും സർവ്വേ സെല്ലിന്റെ യോഗം ചേരേണ്ടതും ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഇറിഗേഷൻ വകുപ്പിൽ നിന്നും തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ബന്ധപ്പെട്ട കയ്യേറ്റങ്ങളുടെ പട്ടിക തയ്യാറാക്കി റവന്യൂ, സർവ്വേ, പോലീസ് എന്നീ വകുപ്പുകളുടെ മേൽനോട്ടത്തിൽ അവ ഒഴിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതും പ്രതിമാസ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതും അപ്രകാരം ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ റിപ്പോർട്ട്, സംസ്ഥാന ഉന്നതതല സമിതി യോഗം വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അബ്ദുൾ നാസർ ബി ഐ എ എസ്

അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ

സ്റ്റേറ്റ് പോലീസ് ചീഫ്

സർവേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ

ഡയറക്ടർ , ഐ എൽ ഡി എം

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

എല്ലാ ജില്ലാ കളക്ടർമാർക്കും

തദ്ദേശ സ്വയം ഭരണ വകുപ്പ്

ജല വിഭവ വകുപ്പ്

ആഭ്യന്തര വകുപ്പ്,

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A & E) തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ് -നു

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ -യ്ക്ക്